**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 234** — **10-03-2025 - ൽ മറുപടിയ്ക്ക്**

**ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. എം. എം. മണി,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,<br>ശ്രീ. ഐ. ബി. സതീഷ് | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുവാനും വിപുലീകരിക്കുവാനും വനം വകുപ്പ് മിഷൻ ഫോറസ്ട്രി ക്ലബ്ബ് ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | കേരളത്തിലെ ഫോറസ്ട്രി ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ പുനരുജ്ജീവിപ്പിക്കുവാനും, വിപുലീകരിക്കുവാനും 09.10.2020 ലെ സ.ഉ(കൈ)നം.16/2020/വനം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മിഷൻ ഫോറസ്ട്രി ക്ലബ്ബിന് വനം വകുപ്പ് ഭരണാനുമതി നൽകിയിരുന്നു. ആയത് പ്രകാരം എല്ലാ ജില്ലകളിലും നിർജ്ജീവമായ ഫോറസ്ട്രി ക്ലബ്ബുകളെ പുനരുജ്ജീവിപ്പിക്കുന്നതിനും പുതിയവ തുടങ്ങുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സംസ്ഥാനത്താകെ 1195 ഫോറസ്ട്രി ക്ലബ്ബുകൾ നാളിതുവരെ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>കുട്ടികളെ വനസംരക്ഷണത്തിന്റെ പ്രാധാന്യത്തെപ്പറ്റി ബോധവാൻമാരാക്കുവാനും, പ്രകൃതിയുമായി സംവദിയ്ക്കുന്നതിന് അവസരം ഉണ്ടാക്കുക വഴി, കുട്ടികളെ പ്രകൃതി സംരക്ഷണം മുറുകെപിടിയ്ക്കുന്ന ഭാവി പൗരൻമാരായി വാർത്തെടുക്കുന്നതിനും വേണ്ടിയാണ് സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബുകൾ രൂപീകരിച്ചിരിക്കുന്നത്. ഫോറസ്ട്രി ക്ലബ്ബ് മുഖേന സ്കൂളുകളിൽ വിദ്യാവനം, കുട്ടിവനം, സ്കൂൾ നഴ്സറി യോജന, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് തുടങ്ങിയ വിവിധയിനം പദ്ധതികൾ നടപ്പാക്കി വരുന്നു. |
| (ബി) | വനം സംരക്ഷിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്നതിനും പ്രകൃതിയുമായി ബന്ധപ്പെടുവാനുള്ള അവസരം നൽകുന്നതിനും വനം വകുപ്പ് സ്കൂളുകളിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (ബി) | ഫോറസ്ട്രി ക്ലബ്ബ് മുഖേന സ്കൂളുകളിൽ വിദ്യാവനം, കുട്ടിവനം, സ്കൂൾ നഴ്സറി യോജന, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് തുടങ്ങിയ വിവിധയിനം പദ്ധതികൾ നടപ്പാക്കി വരുന്നു.<br>ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികളുടെ സഹകണത്തോടുകൂടി സ്കൂളുകളിലും, പൊതു സ്ഥലങ്ങളിലും വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് വരുന്നു. സാമൂഹ്യ വനവത്കരണ വിഭാഗം |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുന്ന പ്രകൃതി സംരക്ഷണ ബോധവത്ക്കരണ സെമിനാറുകൾ, വർക്ക്ഷോപ്പുകൾ, പ്രകൃതി പഠന ക്യാമ്പുകൾ എന്നിവ നടത്തിവരുന്നു. കാട്ടുതീ, അനധികൃത മരം മുറി എന്നിവയ്ക്കെതിരെയുള്ള ക്യാമ്പയിനുകൾ തുടങ്ങിയവയുടെ നടത്തിപ്പിൽ ഫോറസ്ട്രി ക്ലബ്ബുകൾ പ്രധാന പങ്ക് വഹിയ്ക്കുന്നു. കൂടാതെ സ്കൂളുകളുടെ ചുവരുകളിൽ വനം വന്യജീവി സംരക്ഷണത്തിന്റെ പ്രാധാന്യമുൾക്കൊള്ളുന്ന ചിത്രങ്ങളും സന്ദേശങ്ങളും പ്രദർശിപ്പിച്ചുവരുന്നു. |
| (സി) | സാമൂഹിക വനവൽക്കരണവും നഗര വനവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | സാമൂഹിക വനവൽക്കരണവും നഗര വനവൽക്കരണവും പ്രോത്സാഹിപ്പിക്കുന്നതിന് ചുവടെ കൊടുക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>1)സാമൂഹിക വനവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് വനേതര പ്രദേശത്ത് വൃക്ഷാവരണം വർദ്ധിപ്പിക്കുന്നതിനുതിന്റെ ഭാഗമായി സാമൂഹ്യവനവത്കരണ വിഭാഗം വിവിധ ഇനം തദ്ദേശ വൃക്ഷത്തൈകളും, ഫലവൃക്ഷത്തൈകളും, ഔഷധ സസ്യങ്ങളും ഉത്പാദിപ്പിക്കുകയും ആയത് ലോകപരിസ്ഥിതി ദിനമായ ജൂൺ 5 മുതൽ ജൂലൈ 7 വനമഹോത്സവം വരെയുള്ള കാലയളവിൽ, സർക്കാർ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും കഴിഞ്ഞ മൂന്നു വർഷമായി വൃക്ഷത്തൈ നട്ടു പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തി സർക്കാരിതര സംഘടനകൾക്കും സൗജന്യമായി വിതരണം ചെയ്യുകയും ചെയ്തുവരുന്നു.<br><br>2) സാമൂഹിക വനവൽക്കരണ വിഭാഗവുമായി ബന്ധപ്പെട്ട് വിദ്യാവനം, നഗരവനം, സ്കൂൾ നഴ്സറി യോജന, ജൈവ വൈവിധ്യ പാർക്ക്, ബട്ടർഫ്ളൈ ഗാർഡൻ, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ്, കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, കാവുകൾക്കുള്ള ധനസഹായം, പരിഹാര വനവത്കരണം, വൃക്ഷം വളർത്തൽ പ്രോത്സാഹന ധനസഹായം, വനമിത്ര അവാർഡ്, വിദ്യാർത്ഥികൾ, പൊതുജനങ്ങൾ, പത്ര പ്രവർത്തകർ എന്നിവരിൽ പരിസ്ഥിതി പ്രവർത്തനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പ്രകൃതി പഠന ക്യാമ്പ് സംഘടിപ്പിക്കൽ, വഴിയോരത്തണൽ പദ്ധതി എന്നിവ നടത്തി വരുന്നു.<br><br>3)സർക്കാർ പദ്ധതികൾക്കും പൊതുജനങ്ങൾക്കും വർഷം മുഴുവൻ വൃക്ഷത്തൈകളുടെ ലഭ്യത ഉറപ്പാക്കുവാനായി ജില്ലാ പെർമനന്റ് നഴ്സറികൾ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 4)ദേശീയ പാത ഉൾപ്പടെയുള്ള വിവിധ റോഡുകളുടെ വികസന പദ്ധതികളുടെയും മറ്റ് വികസന പ്രവർത്തനങ്ങളുടെയും ഭാഗമായി മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾക്ക് പകരമായി പത്ത് മടങ്ങ് മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പരിഹാര വനവത്കരണ പ്രവർത്തനങ്ങൾ നേരിട്ടും, ഏജൻസികൾ മുഖേനയും നടത്തിവരുന്നു.<br><br>5)കുട്ടികളെ വനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവാൻമാരാക്കുന്നതിന് എല്ലാ വർഷവും വന്യജീവി വാരാഘോഷത്തിന്റെ ഭാഗമായി സ്കൂൾ-കോളേജ് കുട്ടികൾക്കായി മത്സരങ്ങൾ സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാനവും നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ